"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കുട്ടിക്കാനം എസ്.ജെ.എൽ.പി. സ്കൂളിലെ തമിഴ് മീഡിയത്തിലെ 4 ഡിവിഷനുകളും അധികമായ എൽ.പി.എസ്.ടി. തസ്തികകളും കുറവ് ചെയ്യുന്നതിനും, പകരം താൽകാലിക നിയമനങ്ങൾ നടത്തുന്നതിനും, അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.184/2026/GEDN തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/05/2025 ലെ എസ്.സി (1)/21563/2024/ഡി.ജി.ഇ നമ്പർ കത്ത്

കട്ടപ്പന വിദ്യാഭ്യാസ ജില്ലയിൽ പിരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന കുട്ടിക്കാനം എസ്.ജെ.എൽ.പി. സ്കൂളിൽ സൂപ്പർ ചെക്ക് വിഭാഗം നടത്തിയിട്ടുള്ള അകസ്മിക പരിശോധനയുടെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ നിലവിൽ തമിഴ് മീഡിയം നിലനിർത്തി പോരുന്നതിലേക്ക് മതിയായ കുട്ടികളുടെ എണ്ണത്തിൽ കുറവുള്ളതായി കാണുന്നതിനാൽ ടി ഡിവിഷനുകൾ നില നിർത്തുന്ന വിഷയത്തിൽ സർക്കാർ തലത്തിൽ തുടർ ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് താഴെ പറയും പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് സഹിതം പരാമർശം (1) കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു..

കട്ടപ്പന വിദ്യാഭ്യാസ ജില്ലയിൽ പീരുമേട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന കുട്ടിക്കാനം എസ്.ജെ.എൽ.പി. സ്കൂളിൽ നടത്തിയ 8.10.24, 15.1.24 എന്നീ തീയതികളിൽ സൂപ്പർ ചെക്ക് വിഭാഗം നടത്തിയിട്ടുള്ള ആകസ്മിക പരിശോധനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മലയാളം, തമിഴ് എന്നീ മീഡിയത്തിൽ ടി സ്കൂളിൽ ചുവടെ ഉൾപ്പെടുത്തുന്ന വിവരങ്ങൾ കണ്ടെത്തിയിട്ടുള്ളതാകുന്നു.

**I. മലയാളം മീഡിയം**

ഒന്നാം പരിശോധന ദിവസം 18 വിദ്യാർത്ഥികളും രണ്ടാം പരിശോധനാ ദിവസം 13 വിദ്യാർത്ഥികളും ഹാജരായിരുന്നില്ല. രണ്ടു പരിശോധനയിലും പൊതുവായി 8 വിദ്യാർത്ഥികളും ഹാജരായിരുന്നില്ല.

<u>പൊതുവായി ഹാജരില്ലാതിരുന്നവരുടെ വിവരങ്ങൾ</u>

| ക്ലാസ് | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് |
|---|---|---|
| 1 A | 5295 | ഷാരോൺ |
| 2 A | 5265 | ആൻഡ്രോ ഫെലിക്സ് |
| | 5250 | ബെനിറ്റ ഫെയ്ത്ത് |
| 3 A | 5221 | പ്രമീത് |
| 4 A | 5154 | അജോൺ റജി |
| | 5177 | ജെഫിൻ ജേബൽ |
| | 5230 | സാൻ.കെ.സനിൽ |
| | 5184 | അവന്തിക അനൂപ് |

<u>ആറാം പ്രവർത്തി ദിവസത്തിനുശേഷം റ്റി.സി. നൽകിയിട്ടുള്ള കുട്ടികളുടെ വിവരങ്ങൾ</u>

| ക്ലാസ് | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് | റ്റി.സി. നൽകിയ തീയതി |
|---|---|---|---|
| 1 A | 5294 | മുഹമ്മദ് ഫൈസൽ | 30/08/24 |
| 2 A | 5245 | അവിന പ്രിൻസ് | 29/07/24 |

| | | | |
|---|---|---|---|
| 2 A | 5246 | ആതിര പ്രിൻസ് | 24/07/24 |
| 4 A | 5275 | നബീസ | |

<u>ആറാം പ്രവർത്തി ദിവസത്തിനുശേഷം റിമൂവ് ചെയ്തിരിക്കുന്നവരുടെ വിവരങ്ങൾ</u>

| ക്ലാസ് | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് | റിമൂവ് ചെയ്ത തീയതി |
|---|---|---|---|
| 4 A | 5154 | ഇലിസിംഗ് | 09/12/24 |
| 4 A | 5175 | സാഗർ ഡാലി | 09/12/24 |

ആകസ്മിക പരിശോധന പ്രകാരം സ്കൂളിൽ പൊതുവിൽ ഹാജരാകാതിരുന്ന 8 വിദ്യാർത്ഥികളെയും റ്റി.സി വാങ്ങിപ്പോയിട്ടുള്ള 4 വിദ്യാർത്ഥികളെയും റിമൂവ് ചെയ്ത 2 വിദ്യാർത്ഥികളെയും ഒഴിവാക്കി ചുവടെ കൊടുത്തിട്ടുള്ള രീതിയിൽ കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിൽ 2024-25 വർഷത്തെ തസ്തിക പുന: നിർണ്ണയിക്കേണ്ടതായി കാണുന്നു.

| ക്ലാസ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| ആറാം സാദ്ധ്യായ ദിനത്തിൽ വാലിഡ് യു.ഐഡിയുള്ള കുട്ടികളുടെ എണ്ണം | 20 | 23 | 11 | 20 | 74 |
| എഫക്ടീവ് സ്ട്രെങ്ത് | 20 | 23 | 11 | 20 | 74 |
| രണ്ടു പരിശോധനയിലും പൊതുവായി ഹാജരാകാതിരുന്ന കുട്ടികളുടെ എണ്ണം | 1 | 2 | 1 | 4 | 8 |
| ആറാം പ്രവർത്തി ദിവസത്തിനുശേഷം റ്റി.സി. നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം. | 1 | 2 | - | 1 | 4 |
| ആറാം പ്രവർത്തി ദിവസത്തിനുശേഷം റിമൂവ് | - | - | - | 2 | 2 |

| | | | | | |
|---|---|---|---|---|---|
| ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം. | | | | | |
| വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം | 18 | 19 | 10 | 13 | 60 |
| 2024-25 ൽ അനുവദിച്ച ഡിവിഷനുകൾ | 1 | 1 | 1 | 1 | 4 |
| അനുവദനീയ ഡിവിഷനുകൾ | 1 | 1 | 1 | 1 | 4 |
| നഷ്ടപ്പെടുന്ന ഡിവിഷനുകൾ | 0 | 0 | 0 | 0 | 0 |

മേൽ പ്രസ്താവിച്ചിട്ടുള്ള പട്ടികപ്രകാരം TC നൽകിയവരേയും റിമൂവ് ചെയ്തവരേയും പൊതുവായി ഹാജരാകാത്തവരേയും ഒഴിവാക്കി 2024-25 വർഷത്തെ തസ്തിക നിർണ്ണയം നടത്തുമ്പോൾ **ടി സ്കൂളിൽ മലയാളം മീഡിയത്തിൽ ഒരു ഡിവിഷനും കുറയുന്നില്ല.**

**ii. <u>തമിഴ് മീഡിയം</u>**

തമിഴ് മീഡിയത്തിൽ ഒന്നാം പരിശോധനാ ദിവസം 34 വിദ്യാർത്ഥികളും രണ്ടാം പരിശോധനാ ദിവസം 12 വിദ്യാർത്ഥികളും ഹാജരായിരുന്നില്ല. രണ്ടു പരിശോധനയിലും പൊതുവായി 9 വിദ്യാർത്ഥികൾ ഹാജരായിരുന്നില്ല.

**<u>പൊതുവായി ഹാജരില്ലാതിരുന്നവരുടെ വിവരങ്ങൾ:</u>**

| ക്ലാസ് | അഡ്മിഷൻ നമ്പർ | പേര് |
|---|---|---|
| 1 B | 5302 | ആദർശിക .കെ |
| II B | 5277 | പി.എ. ആരോൺ പ്രിംനാ |
| | 5266 | ജാസ്മിന എലാസ്മിൻ |
| | 5261 | രാധിക |
| | 5243 | സുപർണശ്രീ |
| III B | 5217 | ബിട്ടു |

| | | |
|---|---|---|
| | | |
| IV B | 5171 | ആകാഷ്സിംഗ് |
| | 5312 | ഷോഹിദുൽ ഇസ്ലാം |
| | 5173 | മമത ഡാലി |

**ആറാം പ്രവർത്തി ദിവസത്തിനുശേഷം ഒരു വിദ്യാർത്ഥിയുടേയും റ്റി.സി. പോയിട്ടില്ല.**

**<u>ആറാം പ്രവർത്തി ദിവസത്തിനുശേഷം റിമൂവ് ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ</u>**

| ക്ലാസ് | അഡ്മിഷൻ നമ്പർ | പേര് |
|---|---|---|
| II B | 5263 | കീർത്തി ഡാലി |
| | 5262 | റോബിന |
| III B | 5220 | ശന്തനു |
| | 5218 | ഹരിജ |
| | 5258 | ഹരിപ്രിയ ഡാലി |
| | 5251 | കന്തി ഹെംബ്രാം |
| | 5225 | സബീന |
| | 5259 | ശഹർബാനു |
| | 5226 | സുനിത ബാസ്കി |

| | | |
|---|---|---|
| | | |
| IV B | 5168 | ബികാക്ഷ് സിംഗ് |
| | 5170 | അഞ്ജലി ബാസ്കി |
| | 5224 | ജെസ്മീന ഖാത്തൂം |
| | 5167 | നന്ദിനി ഡാലി |
| | 5187 | ശുഭശ്രീ |

2Bയിൽ പൊതുവായി ഹാജരാകാതിരുന്നവരിൽ ജസ്മിന ഇലാസ്മിൻ, റിമൂവ് ചെയ്തിട്ടുള്ള കീർത്തി ഡാലി, റോബീന എന്നിവരെ UID ഇല്ലാത്തതിനാൽ കുട്ടികളുടെ ഇഫക്റ്റീവ് സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അപ്രകാരം 2B യിൽ ഇഫ്ഫക്ടീവ് സ്ട്രെങ്ങ്ത് 5 ആകുന്നു.

3Bയിൽ പൊതുവിൽ ഹാജരാകാതിരുന്ന ബിട്ടു, റിമൂവ് ചെയ്യപ്പെട്ട ശന്തനു, ഹരിജ, സബീന എന്നിവരെ UID ഇല്ലാത്തതിനാൽ ഇഫക്റ്റീവ് സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അപ്രകാരം 3B യിൽ 7 പേരെ മാത്രമാണ് ഇഫക്റ്റീവ് സ്ട്രെങ്ങ്തിൽ പരിഗണിച്ചിട്ടുള്ളത്. ഈ 7 പേരിൽ നിന്നും റിമൂവ് ചെയ്യപ്പെട്ട ഹരിപ്രിയ ഡാലി, കുന്തി ഹെംബ്രാം, സഹർബാനു, **സുനിത ബാസ്കി (UID ഉള്ളത്)** എന്നിവരെ കുറച്ച ശേഷം 3 പേരെ മാത്രമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കാവുന്നത്. അത്തരത്തിൽ ചുവടെ പ്രസ്താവിക്കും വിധം കുട്ടിക്കാനം എസ്.ജെ എൽ.പി സ്കൂളിലെ തസ്തിക പുന: നിർണ്ണയിക്കാവുന്നതാണ്.

| ക്ലാസ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| ആറാം പ്രവർത്തി ദിവസത്തെ വാലിഡ് യു.ഐഡിയുള്ള കുട്ടികളുടെ എണ്ണം. | 10 | 5 | 7 | 12 | 34 |
| എഫക്റ്റീവ് സ്ട്രെങ്ങ്ത് | 10 | 5 | 7 | 12 | 34 |
| രണ്ടു പരിശോധനയിലും പൊതുവായി ഹാജരാകാതിരുന്നവർ | 1 | 3 | - | 3 | 7 |

| | | | | | |
|---|---|---|---|---|---|
| ആറാം പ്രവർത്തി ദിവസത്തിനുശേഷം റ്റി.സി. നൽകപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം. | - | - | - | - | - |
| ആറാം പ്രവർത്തി ദിവസത്തിനുശേഷം റിമൂവ് ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം. | - | - | 4 | 5 | 9 |
| വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം | 9 | 2 | 3 | 4 | 18 |
| 2024-25 ൽ അനുവദിച്ച ഡിവിഷനുകൾ | 1 | 1 | 1 | 1 | 4 |
| അനുവദനീയ ഡിവിഷനുകൾ | - | - | - | - | - |
| നഷ്ടപ്പെടുന്ന ഡിവിഷനുകൾ | 1 | 1 | 1 | 1 | 4 |

**iii.** സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിലെ തമിഴ് മീഡിയത്തിൽ തസ്തിക നിർണ്ണയത്തിനായി ആകെ പരിഗണിച്ചത് 34 കുട്ടികളെയാണ്. i, ii, iii, iv ക്ലാസുകളിലായി ആകെ ഓരോ ഡിവിഷൻ വിതം നാലു ഡിവിഷനുകളാണ് അനുവദിച്ചിരുന്നത്. പൊതുവായി ഹാജരില്ലാത്ത 7 പേരെയും, ആറാം പ്രവർത്തി ദിവസത്തിനു ശേഷം റിമൂവ് ചെയ്ത 9 വിദ്യാർത്ഥികളെയും കുറവ് ചെയ്യുമ്പോൾ വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം ഒന്നാം ക്ലാസിൽ 9, രണ്ടാം ക്ലാസിൽ 2, മൂന്നാം ക്ലാസിൽ 3, നാലാം ക്ലാസിൽ 4 എന്നിങ്ങനെയാകുന്നു (ആകെ 18).

**iv.** കെ.ഇ.ആർ. അദ്ധ്യായം VIII ചട്ടം 7, ഉപചട്ടം 3 പ്രകാരം മലയാളം പ്രധാന മീഡിയം ആയ സ്കൂളിൽ ഭാഷാ ന്യൂന പക്ഷങ്ങൾക്ക് പാരലൽ മീഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നുണ്ട്. ചട്ട പ്രകാരം ഒരു ഡിവിഷനിൽ കുറഞ്ഞത് 10 കുട്ടികളും ആകെ 40 കുട്ടികളും ആണ് ആവശ്യമായി വരുന്നത്. ചട്ടങ്ങൾക്ക് ഇളവു നൽകി കൊണ്ട് പുറപ്പെടുവിച്ച G.O.(MS) 162/14/GEdn തീയതി 20.08.2014 ഉത്തരവിൽ അനുശാസിക്കുന്നത് ലോവർ പ്രൈമറി വിഭാഗത്തിൽ 1 മുതൽ 4 വരെ ഓരോ ക്ലാസിലും 8 കുട്ടികൾ വീതമോ ആകെ 32 കുട്ടികളെ വേണമെന്നാണ്. കുട്ടിക്കാനം എസ്.ജെ. എൽ.പി സ്കൂളിലെ തമിഴ് മീഡിയത്തിന്റെ കാര്യത്തിൽ ആയത് പാലിക്കപ്പെടുന്നില്ല. ആയതിനാൽ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ എന്ന ഗണത്തിൽ വരുന്നു.

v. സംസ്ഥാനത്തെ ചില പാരലൽ മീഡിയം സ്കൂളുകളിൽ ഏതാണ് പാരലൽ മീഡിയം എന്ന് പ്രത്യേകം കണ്ടെത്താനാകാത്ത സ്ഥിതിയുണ്ട്. ഇത്തരം സ്കൂളുകളിൽ ഓരോ വർഷവും മീഡിയം തിരിച്ചുള്ള എണ്ണത്തിൽ ഏറ്റക്കുറച്ചിൽ വരുന്നുണ്ട്. ഈ വിദ്യാലയങ്ങൾ ഭാഷാ ന്യൂനപക്ഷ (Linguistic Minority) പ്രദേശത്ത് വരുന്നതാണോ എന്നത് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ ഭാഷാ ന്യൂനപക്ഷ സ്കൂൾ ആണോ എന്ന് ഉറപ്പാക്കാൻ കഴിയില്ല. കാസർഗോഡ്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ ഇത്തരത്തിൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായി കണക്കാക്കപ്പെടുന്ന പ്രദേശങ്ങളുണ്ട്.

vi. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കെ.ഇ.ആർ അദ്ധ്യായം VIII ചട്ടം 7, 7A പ്രകാരം പാരലൽ മീഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഏതാനും ചില സ്കൂളുകളിലെങ്കിലും തമിഴ്/ കന്നഡ വിഷയങ്ങൾക്ക് ഒന്നോ രണ്ടോ കുട്ടികൾക്ക് മാത്രമായി ഓരോ ഡിവിഷനും അതിനാനുപാതികമായി അദ്ധ്യാപക തസ്തികകളും അനുവദിച്ച് വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മേൽ പരാമർശിച്ച കുട്ടിക്കാനം എസ്.ജെ.എൽ.പി.എസ് സ്കൂളിലും പരിശോധനയിൽ വളരെ കുറച്ച് കുട്ടികളുടെ ബലത്തിൽ മാത്രം ഓരോ ഡിവിഷൻ വീതം അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4 എൽ.പി.എസ്.ടി തസ്തികകൾ അനുവദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. ചട്ടപ്രകാരം പാരലൽ ഡിവിഷൻ നിലനിൽക്കുന്നതിന് ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകളിൽ ആയതു കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകുന്ന പ്രത്യേക അവകാശങ്ങൾ ഭാഷാന്യൂനപക്ഷങ്ങൾക്കും ബാധകമായതിനാൽ ഇത്തരത്തിൽ തസ്തിക റദ്ദു ചെയ്യുന്നതു ഭാഷാന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. ആയതിനാൽ എസ്.ജെ.എൽ.പി.എസ് കുട്ടിക്കാനം തമിഴ് മീഡിയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ 4 ഡിവിഷനുകളും അധികമായ എൽ.പി.എസ്.ടി തസ്തികയും കുറവ് ചെയ്യുന്നതിനും, ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിനാൽ റഗുലർ തസ്തികകൾക്ക് പകരം താൽകാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള സർക്കാർ അനുമതിയും അഭ്യർത്ഥിക്കുന്നു.

3) സർക്കാർ പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ മേൽ വിവരിച്ച പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. സെന്റ് ജോസഫ്സ് എൽ. പി. സ്കൂളിലെ തമിഴ് മീഡിയത്തിൽ തസ്തിക നിർണ്ണയത്തിനായി ആകെ പരിഗണിച്ചത് 34 കുട്ടികളെയാണ്. I, II, III, IV ക്ലാസുകളിലായി ആകെ ഓരോ ഡിവിഷൻ വിതം നാലു ഡിവിഷനുകളാണ് അനുവദിച്ചിരുന്നത്. പൊതുവായി ഹാജരില്ലാത്ത 7 വിദ്യാർത്ഥികളെയും, ആറാം പ്രവർത്തി ദിവസത്തിനു ശേഷം റിമൂവ് ചെയ്ത 9 വിദ്യാർത്ഥികളെയും കുറവ് ചെയ്യുമ്പോൾ വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം ഒന്നാം ക്ലാസിൽ 9, രണ്ടാം ക്ലാസിൽ 2, മൂന്നാം ക്ലാസിൽ 3, നാലാം ക്ലാസിൽ 4 എന്നിങ്ങനെയാകുന്നു (ആകെ 18). കെ.ഇ.ആർ. അദ്ധ്യായം VIII ചട്ടം 7, ഉപചട്ടം 3 പ്രകാരം മലയാളം പ്രധാന മീഡിയം ആയ സ്കൂളിൽ ഭാഷാ ന്യൂന പക്ഷങ്ങൾക്ക് പാരലൽ മീഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നുണ്ട്. ചട്ട പ്രകാരം ഒരു ഡിവിഷനിൽ കുറഞ്ഞത് 10 കുട്ടികളും ആകെ 40 കുട്ടികളും ആണ് ആവശ്യമായി വരുന്നത്. പ്രസ്തുത ചട്ടങ്ങൾക്ക് ഇളവു നൽകി കൊണ്ട് പുറപ്പെടുവിച്ച G.O.(Ms) 162/14/G.Edn തീയതി 20/08/2014 ഉത്തരവിൽ അനുശാസിക്കുന്നത് ലോവർ പ്രൈമറി വിഭാഗത്തിൽ 1 മുതൽ 4 വരെ ഓരോ ക്ലാസിലും 8 കുട്ടികൾ വീതമോ ആകെ 32 കുട്ടികളെ വേണമെന്നാണ്. കുട്ടിക്കാനം എസ്.ജെ.എൽ.പി

സ്കൂളിലെ തമിഴ് മീഡിയത്തിന്റെ കാര്യത്തിൽ ആയത് പാലിക്കപ്പെട്ടുന്നില്ല. ആയതിനാൽ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ എന്ന ഗണത്തിൽ വരുന്നു. കുട്ടിക്കാനം എസ്.ജെ.എൽ.പി സ്കൂളിൽ പരിശോധനയിൽ വളരെ കുറച്ച് കുട്ടികളുടെ ബലത്തിൽ മാത്രം ഓരോ ഡിവിഷൻ വീതം അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4 എൽ.പി.എസ്.ടി തസ്തികകൾ അനുവദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. ചട്ടപ്രകാരം പാരലൽ ഡിവിഷൻ നിലനിൽക്കുന്നതിന് ആവശ്യമായ വിദ്യാർഥികൾ ഇല്ലാത്ത സ്കൂളുകളിൽ ആയതു കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകുന്ന പ്രത്യേക അവകാശങ്ങൾ ഭാഷാന്യൂനപക്ഷങ്ങൾക്കും ബാധകമായതിനാൽ ഇത്തരത്തിൽ തസ്തിക റദ്ദ് ചെയ്യുന്നത് ഭാഷാന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്.

4) മേൽ സാഹചര്യത്തിൽ, കുട്ടിക്കാനം എസ്.ജെ.എൽ.പി.എസ്. ലെ തമിഴ് മീഡിയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ ടി സ്കൂളിലെ തമിഴ് മീഡിയത്തിലെ 4 ഡിവിഷനുകളും അധികമായ എൽ.പി.എസ്.ടി. തസ്തികകളും കുറവ് ചെയ്യുന്നതിനും, എന്നാൽ ഭാഷാന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിനാൽ തമിഴ് മീഡിയം സ്കൂളിൽ റഗുലർ തസ്തികകൾക്ക് പകരം താൽകാലിക നിയമനങ്ങൾ നടത്തുന്നതിനും, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പീരുമേട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മാനേജർ, എസ്.ജെ.എൽ.പി. സ്കൂൾ, കുട്ടിക്കാനം, ഇടുക്കി
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 07-01-2026 13:05:55
സെക്ഷൻ ഓഫീസർ